**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1948** **03-03-2025 - ൽ മറുപടിയ്ക്ക്**

**തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയൽ നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതെങ്കിലും തൊഴിൽമേഖലയിൽ 2013-ലെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയൽ നിയമം ഇനിയും നടപ്പിലാക്കാനുണ്ടോ; | (എ) | എ) സംസ്ഥാനത്തെ പത്തോ പത്തിൽ കൂടുതലോ ജീവനക്കാർ പണിയെടുക്കുന്ന എല്ലാ തൊഴിലിടങ്ങളും 2013-ലെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാതിക്രമം (തടയൽ, നിരോധനവും, പരിഹാരവും) നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുകയാണ്. നിയമം ശക്തമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചുവടെ വിവരിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ തൊഴിലിടങ്ങളിലും POSH Act അനുസരിച്ചുള്ള പ്രസ്തുത നിയമം നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി വനിതാ ശിശു വികസന വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും നിയമം അനുശാസിക്കുന്ന ലോക്കൽ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. എല്ലാ തൊഴിലിടങ്ങളിലും ഇന്റേണൽ കമ്മിറ്റിയും ജില്ലാ തലത്തിൽ ലോക്കൽ കമ്മിറ്റിയും രൂപീകരിച്ച് നിയമം നടപ്പിലാക്കുന്നതിനായി പോഷ് കംപ്ലയിൻസ് പോർട്ടൽ (posh.wcd.kerala.gov.in) ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 84 സർക്കാർ വകുപ്പുകളിൽ 17065 ഇടങ്ങളിൽ ഇന്റേണൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇവയിൽ 16795 എണ്ണത്തിന്റെ വിവരം പോഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തു കഴിഞ്ഞു. കൂടാതെ സർക്കാർ, അർദ്ധ സർക്കാർ, സർക്കാർ സ്വയംഭരണം, പൊതുമേഖല, സ്വകാര്യ മറ്റു മേഖലകളിൽ നിന്നായി 23633 തൊഴിലിടങ്ങൾ പോഷ് കംപ്ലയിൻസ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കമ്മിറ്റികൾ രൂപീകരിച്ച വകുപ്പുകളിൽ പരിശീലനം നൽകുന്നതിന് നടപടിയും സ്വീകരിച്ചിട്ടുണ്ട്. വനിതാ ശിശു വികസന വകുപ്പ് ജൻഡർ പാർക്കുമായി സഹകരിച്ച് പരിശീലന പരിപാടികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ പ്രസ്തുത നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;<br>വിശദമാക്കുമോ; | (ബി) | ബി) സംസ്ഥാനത്തെ പത്തോ പത്തിൽ കൂടുതലോ ജീവനക്കാർ പണിയെടുക്കുന്ന എല്ലാ തൊഴിലിടങ്ങളും 2013-ലെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാതിക്രമം (തടയൽ, നിരോധനവും, പരിഹാരവും) നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുകയാണ്. നിയമം ശക്തമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചുവടെ വിവരിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ തൊഴിലിടങ്ങളിലും POSH Act അനുസരിച്ചുള്ള പ്രസ്തുത നിയമം നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി വനിതാ ശിശു വികസന വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും നിയമം അനുശാസിക്കുന്ന ലോക്കൽ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. എല്ലാ തൊഴിലിടങ്ങളിലും ഇന്റേണൽ കമ്മിറ്റിയും ജില്ലാ തലത്തിൽ ലോക്കൽ കമ്മിറ്റിയും രൂപീകരിച്ച് നിയമം നടപ്പിലാക്കുന്നതിനായി പോഷ് കംപ്ലയിൻസ് പോർട്ടൽ (posh.wcd.kerala.gov.in) ആരംഭിച്ചിട്ടുണ്ട്. നാളിതുവരെ 84 സർക്കാർ വകുപ്പുകളിൽ 17065 ഇടങ്ങളിൽ ഇന്റേണൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇവയിൽ 16795 എണ്ണത്തിന്റെ വിവരം പോഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്തു കഴിഞ്ഞു. കൂടാതെ സർക്കാർ, അർദ്ധ സർക്കാർ, സർക്കാർ സ്വയംഭരണം, പൊതുമേഖല, സ്വകാര്യ മറ്റു മേഖലകളിൽ നിന്നായി 23633 തൊഴിലിടങ്ങൾ പോഷ് കംപ്ലയിൻസ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കമ്മിറ്റികൾ രൂപീകരിച്ച വകുപ്പുകളിൽ പരിശീലനം നൽകുന്നതിന് നടപടിയും സ്വീകരിച്ചിട്ടുണ്ട്. വനിതാ ശിശു വികസന വകുപ്പ് ജൻഡർ പാർക്കുമായി സഹകരിച്ച് പരിശീലന പരിപാടികൾ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഈ സർക്കാർ നിലവിൽ വന്ന ശേഷം ഗവൺമെന്റ് സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ പ്രസ്തുത നിയമ പ്രകാരം ലഭിച്ച പരാതികളിൽ തീർപ്പാക്കാൻ ബാക്കിയുള്ളവയുടെ എണ്ണം, പരാതി ലഭിച്ച വർഷം എന്നീ വിവരങ്ങൾ വകുപ്പ് തിരിച്ചു ലഭ്യമാക്കാമോ; | (സി) | (സി) വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ ശേഖരിക്കാറില്ല. |
| (ഡി) | പ്രസ്തുത നിയമപ്രകാരം ലഭിച്ച പരാതികളിൽ രണ്ടു വർഷത്തിലേറെയായി തീർപ്പാക്കാൻ ബാക്കിയുള്ള പരാതികളുടെ ഫയൽ നമ്പറുകൾ വകുപ്പ് തിരിച്ചു ലഭ്യമാക്കാമോ; ഇവയിൽ ഏതെങ്കിലും പരാതികൾ ഇന്റേർണൽ കംപ്ലൈന്റ് കമ്മിറ്റിക്ക് കൈമാറാൻ ബാക്കിയുണ്ടോ; | (ഡി) | (ഡി) രണ്ടു വർഷത്തിലേറെയായി തീർപ്പാക്കാൻ ബാക്കിയുള്ള പരാതികൾ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | 2013-ലെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിൽ അകാരണമായ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | (ഇ) അകാരണമായി കാലതാമസം വരുത്തിയ കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ